# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1949 | 01.02.2018 ൽ മറുപടിക്ക്

**<u>പൊതുമുതൽ നശിപ്പിച്ചവർക്കെതിരെ നടപടി</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കഴിഞ്ഞ ഓണാഘോഷത്തോടനുബന്ധിച്ച് തിരുവനന്തപുരം പാളയം പോലീസ് ക്വാർട്ടേഴ്സിലെ താമസക്കാരുടെ മക്കൾ പൊതുമുതൽ നശിപ്പിക്കുകയും ഇരുചക്ര വാഹനയാത്രക്കാരെ കല്ലെറിയുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബി, മ്യൂസിയം പോലീസിൽ നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) എതിർകക്ഷികൾ കെ.എസ്.ഇ.ബി യ്ക്കുണ്ടായ നഷ്ടം നികത്തിയതിനാൽ നടപടികൾ ആവശ്യമില്ലായെന്ന് കെ.എസ്.ഇ.ബി. അധികാരികൾ മ്യൂസിയം പോലീസ് സ്റ്റേഷനിൽ അറിയിച്ചതിൻ പ്രകാരം മറ്റ് നിയമ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (സി) പ്രസ്തുത കേസിൽ കെ.എസ്.ഇ.ബി. ആവശ്യപ്പെട്ട പിഴ ആരാണ് ഒടുക്കിയത് എന്ന് വ്യക്തമാക്കുമോ; | (സി) പ്രസ്തുത കേസ്സിൽ കെ.എസ്.ഇ.ബി. ആവശ്യപ്പെട്ട പിഴ ഒടുക്കിയത് ശ്രീമതി. സീന എന്ന വ്യക്തിയാണ്. |
| (ഡി) പ്രസ്തുത കേസിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ ? | (ഡി) എതിർകക്ഷികൾ കെ.എസ്.ഇ.ബി. യ്ക്കുണ്ടായ നഷ്ടം നികത്തിയതിനാൽ കെ.എസ്.ഇ.ബി.യ്ക്ക് മറ്റ് പരാതികളൊന്നും ഇല്ലായെന്ന് അറിയിച്ചതിനെ ത്തുടർന്ന് മറ്റ് നിയമ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.